**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3426** **11-03-2025 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ റീസർവ്വേ നടപടികളുടെ പൂർത്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഡിജിറ്റൽ റീസർവ്വേ പദ്ധതികൾക്കായി നാളിതുവരെ എന്തു തുക ചെലവഴിച്ചുവെന്നും ഇനി എന്തു തുക വേണ്ടി വരുമെന്നും വ്യക്തമാക്കുമോ; | (എ) | ആധുനിക സാങ്കേതിക വിദ്യകളും ഉപകരണങ്ങളും ഉപയോഗിച്ച് 1550 വില്ലേജുകൾ ഡിജിറ്റലായി അളന്ന് പൂർണ്ണമായും ഡിജിറ്റൽ ലാൻഡ് റെക്കോർഡുകൾ തയ്യാറാക്കുന്ന ഡിജിറ്റൽ റീസർവെ പദ്ധതിയ്ക്ക് 858 കോടി രൂപയാണ് എസ്റ്റിമേറ്റ് ചെയ്തിട്ടുള്ളത്. അതിൽ നാളിതുവരെ 349.12 കോടി രൂപ ചെലവായിട്ടുണ്ട്. പദ്ധതി പൂർത്തിയാക്കുന്നതിന് ബാക്കിയുള്ള 508.88 കോടി രൂപ കൂടി ആവശ്യമാണ്. |
| (ബി) | ഡിജിറ്റൽ റീസർവ്വേ പൂർത്തീകരിക്കുന്നതോടെ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഡിജിറ്റൽവേലി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | ഡിജിറ്റൽ റീസർവെയിൽ ഭൂമിയുടെ വിവരങ്ങൾ കൃത്യമായ ജിയോ കോർഡിനേറ്റുകളെ അടിസ്ഥാനമാക്കിയാണ് ലഭിക്കുന്നത്. ഓരോ വസ്തുവിന്റെയും എല്ലാ ബെന്റുകളുടെയും കോർഡിനേറ്റുകൾ ലഭ്യമാകുന്നതിനാൽ യഥാർത്ഥത്തിൽ ഓരോ കൈവശക്കാരന്റെയും അതിർത്തി, സ്കെച്ചിൽ ഒരു ഡിജിറ്റൽ വേലി പോലെ നിലനിൽക്കുന്നതാണ്. അത് എപ്പോൾ വേണമെങ്കിലും RTK (Real Time Kinematic)/ RETS (Robotic Total Station) ഉപയോഗിച്ച് കണ്ടെത്താം. ആയതിനാൽ കല്ല് സ്ഥാപിക്കുന്നില്ലെങ്കിലും അതിർത്തി തർക്കങ്ങൾക്ക് ഇടയാവുന്നില്ല. പൂർണ്ണമായും സോഫ്റ്റ് വെയർ അധിഷ്ഠിതമായാണ് ഡിജിറ്റൽ സർവെ നടക്കുന്നത്.എന്റെ ഭൂമി പോർട്ടലിലൂടെ ഡിജിറ്റൽ സർവെ സംബന്ധിച്ച എല്ലാ വിവരങ്ങളും ലഭിക്കുന്നതാണ്. എന്റെ ഭൂമി സംയോജിത പോർട്ടൽ (Integrated Land Information Management Systems- ILIMS)ഇന്ത്യയിലെ തന്നെ ആദ്യത്തെ സമഗ്ര ഭൂവിവര ഡിജിറ്റൽ സംവിധാനമാണ്. ഡിജിറ്റൽ സർവേ പൂർത്തിയായി സർവെ ബൗണ്ടറീസ് ആക്ട് സെക്ഷൻ 13 വിജ്ഞാപനം നടത്തിയ വില്ലേജുകളിലാണ് ILIMS നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ